(എ) സൈക്യാട്രിക് സോഷ്യൽ വർക്കർ ആയി 2-5-1992-ൽ കാലിക്കറ്റ് മെഡിക്കൽ കോളേജിൽ ജോലിയിൽ പ്രവേശിച്ച എൽസമ്മ ജോസഫിന് സീനിയർ ഗ്രേഡ് ലക്ചറർ ആയി ശമ്പളം നിശ്ചയിച്ച് കൊടുക്കാൻ ഉണ്ടായിട്ടുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) 1997 മുതൽ വാർഷിക ഇൻക്രിമെന്റ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) 7-6-2000-ൽ ടൈംബൗണ്ട് പ്രമോഷൻ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; എത്രനാൾക്കകം ഇത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളും എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് ഏത് തലത്തിലാണെന്നും ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പോസ്റ്റ് സമയബന്ധിതമായി അപ്ഗ്രേഡ് ചെയ്ത് അസോസിയേറ്റ് പ്രൊഫസർ ആയി 2005-ൽ പ്രൊമോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് നമ്പർ 145/2000/ആകുവ. തീയതി 16-6-2000 അനുസരിച്ച് എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.ഫാം തുടങ്ങിയ യോഗ്യതയുള്ള മെഡിക്കൽ/ദന്തൽ/ഫാർസ്യൂട്ടിക്കൽ സയൻസ് അദ്ധ്യാപകരെ മാത്രമേ ബിരുദാനന്തര ബിരുദം നേടുന്നതിന് വിധേയമായി സീനിയർ ലക്ചറർമാരായി നിയമിക്കാൻ കഴിയൂ. നോൺ മെഡിക്കൽ വിഭാഗത്തിൽപ്പെട്ട മെഡിക്കോ സോഷ്യോളജി, ഹെൽത്ത് എഡ്യൂക്കേഷൻ, ക്ലിനിക്കൽ സൈക്കോളജി, സൈക്യാട്രിക് സോഷ്യൽ വർക്കർ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട അദ്ധ്യാപകർക്ക് സീനിയർ ലക്ചറർഷിപ്പ് നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ബി), (സി), (ഡി) & (ഇ) വിവരം ശേഖരിച്ചുവരുന്നു.

മെഡിക്കൽ കോളേജ് സൂപ്രണ്ടുമാരുടെ നിയമനം

167 [1694] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ സൂപ്രണ്ടുമാരെ നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ സൂപ്രണ്ടുമാരിൽ എത്രപേർ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ എന്നീ നിലവാരത്തിൽ ഉള്ളവരാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മെഡിക്കൽ കോളേജ് ഭരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി സീനിയോറിറ്റിയും ഭരണവൈദഗ്ധ്യവും ഉള്ള ഡോക്ടർമാരെ സൂപ്രണ്ടുമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ മെഡിക്കൽ കോളേജുകളിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ സീനിയർ ഫാക്കൽറ്റി അംഗങ്ങളിൽ നിന്നും സൂപ്രണ്ട് തസ്തികയിലേക്ക് നിയമനം ആഗ്രഹിക്കുന്നവരുടെ പട്ടിക തയ്യാറാക്കി പ്രസ്തുത പട്ടികയിൽ നിന്നും സൂപ്രണ്ട് തസ്തികയിലേക്ക് നിയമിക്കുക എന്നുള്ളതാണ് നിലവിലുള്ള മാനദണ്ഡം.

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിലെ പ്രൊഫസർ തസ്തികയിലുള്ള 3 പേരും അസോസിയേറ്റ് പ്രൊഫസർ തസ്തികയിലുള്ള 5 പേരും അസി. പ്രൊഫസർ തസ്തികയിലുള്ള 2 പേരും സൂപ്രണ്ടു തസ്തികയിൽ ജോലി ചെയ്തുവരുന്നു.

(സി) സൂപ്രണ്ടു തസ്തികയിലേക്ക് നിയമനം ആഗ്രഹിക്കുന്നവരുടെ പട്ടികയിൽ നിന്നും ഭരണ വൈദഗ്ധ്യവും സീനിയോറിറ്റിയും ഉള്ള ഡോക്ടർമാരെയാണ് സൂപ്രണ്ടുമാരായി നിയമിക്കുന്നത്.

ഹോമിയോ ആശുപത്രിയിൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കാൻ നിർദ്ദേശം

168 [1695] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുത്തൂരിലുള്ള ജില്ലാ ഹോമിയോ ആശുപത്രിയിൽ 2004 സാമ്പത്തിക വർഷത്തിൽ ചികിത്സ നൽകിയ ഔട്ട് പേഷ്യൻസ് എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ആശുപത്രിയിലെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തതു മുതൽ 2005 ജനുവരി 31 വരെ ഇവിടെ കിടത്തി ചികിത്സിച്ച രോഗികളുടെ എണ്ണം എത്ര എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ ആശുപത്രി കെട്ടിടത്തിന് ഒരു നിലകൂടി ജില്ലാ പഞ്ചായത്ത് പണിതുകൊണ്ടിരിക്കുന്നത് കണക്കിലെടുത്ത് അധികം സ്റ്റാഫിനെ അനുവദിക്കണമെന്നുള്ള ആവശ്യം ഡിപ്പാർട്ട്മെന്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പുത്തൂർ ജില്ലാ ഹോമിയോ ആശുപത്രിയിൽ 2004 സാമ്പത്തിക വർഷത്തിൽ 85531 പേർ ഔട്ട് പേഷ്ൻസ് വിഭാഗത്തിൽ ചികിത്സ തേടിയിട്ടുണ്ട്.

(ബി) പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തതു മുതൽ 2005 ജനുവരി 31 വരെ 472 പേരെ കിടത്തി ചികിത്സിച്ചിട്ടുണ്ട്.

(സി) സമർപ്പിച്ചിട്ടില്ല. എന്നാൽ 25 കിടക്കകളുള്ള എല്ലാ ആശുപത്രിയിലും നിലവിലുള്ള സ്റ്റാഫ് കോഴിക്കോട് ജില്ലാ ആശുപത്രിയിലും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly